# വാഴക്കാട് ഗ്രാമ പഞ്ചായത്ത്

പി.ഒ വാഴക്കാട്, മലപ്പുറം ജില്ല, 673640, ☎ 0483-2725232, Fax: 0483-2725232

Email Id : vazhakkadgp@yahoo.com, Website: www.vazhakkadgramapanchayath.org


No. A2 -22399 /11 തിയ്യതി : 29.10.2011

## വസ്തുനികുതി പരിഷ്കരണ അറിയിപ്പ്

(കേരള പഞ്ചായത്ത് രാജ് ആക്ട് 200, 203,208 വകുപ്പുകൾ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്)

**കേരള സർക്കാറിന്റെ 14.01.2011 ലെ 19/2011/ത.സ്വ.ഭ.വ (ആർ.ഡി), 20/2011/ത.സ്വ.ഭ.വ (ആർ.ഡി) എന്നീ ഉത്തരവുകൾ പ്രകാരം പ്രസിദ്ധീകരിച്ച 2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങൾ അനുസരിച്ചും, വാഴക്കാട് ഗ്രാമ പഞ്ചായത്തിന്റെ 29.10.2011 തിയ്യതിയിലെ 2- ാം നമ്പർ തീരുമാനപ്രകാരവും ഈ ഗ്രാമ പഞ്ചായത്തിലെ ഗാർഹിക ഗാർഹികേതര കെട്ടിടങ്ങൾക്കുള്ള വസ്തു നികുതി നിരക്ക്, മേഖല വിഭജനം, റോഡുകളുടെ തരം തിരിവ് എന്നിവ താഴെ കാണിച്ച പ്രകാരം താൽകാലികമായി നിശ്ചയിച്ചതായി എല്ലാവരെയും അറിയിക്കുന്നു. ഇത് സംബന്ധിച്ച് ആക്ഷേപങ്ങളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ 30.11.2011 ന് 3 മണിക്ക് മുമ്പായി പഞ്ചായത്ത് സെക്രട്ടറിക്ക് രേഖാമൂലം നൽകേണ്ടതാണ്. നിശ്ചിത സമയത്തിനും തിയ്യതിക്കും ശേഷം ലഭിക്കുന്ന ആക്ഷേപാഭിപ്രായങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**

| ക്രമ നമ്പർ | ചട്ടം 5,6 പ്രകാരമുള്ള കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | ഒരു ച.മീറ്ററിൽ താൽകാലികമായി നിശ്ചയിച്ച നിരക്ക് |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 3 രൂപ |
| 2 | വാണിജ്യ ആവശ്യത്തിനുള്ളവ<br>1) 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 30 രൂപ |
| | 2) 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റാറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ | 50 രൂപ |
| | 3) 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിങ്ങ് മാളുകൾ | 30 രൂപ |
| | 4) 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾ, ഷോപ്പിങ്ങ് മാളുകൾ | 70 രൂപ |
| | 5) ബങ്കുകൾ, പെട്ടിക്കടകൾ, കംപ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ | 30 രൂപ |
| 3 | ആഫീസ് ഉപയോഗത്തിനുള്ളവ (വ്യവസായ ശാലകളോടനുബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 30 രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 3 രൂപ |
| 5 | ആശുപത്രികൾ | 5 രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | 20 രൂപ |
| 7 | വ്യവസായാവശ്യത്തിനുള്ളവ<br>1) കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, കരകൗശല നിർമ്മാണ ഷെഡ്, പട്ടുനൂൽ ഷെഡ്, സ്റ്റോറേജ് ഷെഡ്, പീലിംഗ് ഷെഡ്, കൈത്തൊഴിൽ ഷെഡ്, ഇഷ്ടികച്ചൂള, തടിമിൽ | 10 രൂപ |
| | 2) ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 രൂപ |
| 8 | റിസോർട്ടുകൾ | 90 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്കുകൾ | 40 രൂപ |
| 10 | മൊബൈൽ ടെലഫോൺ ടവർ | 500 രൂപ |

### ചട്ടം 7 പ്രകാരമുള്ള ഭൂപ്രദേശ മേഖലകൾ

**പ്രഥമ മേഖല**

1. എടവണ്ണപ്പാറ ടൗണും പരിസരവും

| | | | |
|---|---|---|---|
| അതിരുകൾ | കിഴക്ക് | : | പഞ്ചായത്ത് അതിർത്തി |
| | തെക്ക് | : | പഞ്ചായത്ത് അതിർത്തി |
| | വടക്ക് | : | വടക്കേടത്ത് ഇടവഴി |
| | പടിഞ്ഞാറ് | : | കക്കാട്ട്താഴം വയൽ (കൽക്കിപുരി വരെ) |

2. വാഴക്കാട് ടൗണും പരിസരവും

| | | | |
|---|---|---|---|
| അതിരുകൾ | കിഴക്ക് | : | ഓവുങ്ങൽ തോട് |
| | തെക്ക് | : | വള്ളിക്കാട്, ഓവുങ്ങൽ തോടുകൾ |
| | വടക്ക് | : | മൈലങ്ങോട്ട് ഇടവഴി (പള്ളിപറമ്പ്) |
| | പടിഞ്ഞാറ് | : | എടക്കടവ് തോട് |

**ദ്വിതീയ മേഖല**

1. ഫറൂഖ് കോളേജ് - വാഴക്കാട് റോഡ് (പ്രഥമ മേഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ)
2. വാഴക്കാട് - അരീക്കോട് റോഡ് (പ്രഥമ മേഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ)
3. എടവണ്ണപ്പാറ - എളമരം റോഡ് (പ്രഥമ മേഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ)
4. എടവണ്ണപ്പാറ - ചീടിക്കുഴി റോഡ് (പ്രഥമ മേഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ)
5. ഇരട്ടമുഴി - വാലില്ലാപുഴ റോഡ്
6. മുണ്ടുമുഴി എം.എൽ.എ റോഡ്
7. പൊന്നാട് - വാഴക്കാട് റോഡ്
8. സിനിമഹാൾ - വട്ടപ്പാറ റോഡ്
9. വില്ലേജ് ഓഫീസ് - പൂഞ്ചിരിക്കാവ് റോഡ് (വട്ടപ്പാറ വരെ)
10. പണിക്കരപുായ - കോലോത്തുംകടവ് റോഡ്
11. കോരപ്പാടം - മണ്ണംപറമ്പ് റോഡ്
12. ആക്കോട് - അരൂർ റോഡ്
13. ആക്കോട് - കണ്ണാടി പറമ്പ് - അരൂർ റോഡ്
14. പൊന്നംപള്ളി - ചക്കുംപൂള റോഡ്
15. ചെറുവട്ടൂർ - ചക്കുംപൂള റോഡ്
16. കള്ളിക്കാട് റോഡ്
17. വെട്ടത്തൂർ - അയിലാക്കോട് റോഡ്
18. വെട്ടത്തൂർ - തത്തങ്ങോട് - പാഞ്ചീരി റോഡ്
19. ഓട്ടുപാറ - മുട്ടുങ്ങൽ റോഡ്
20. ആണാട്ട് - പുള്ളിശ്ശേരി റോഡ്
21. കെ.എം.അബ്ദുള്ള മെമ്മോറിയൽ റോഡ്
22. ചീനിബസാർ - മണന്തലക്കടവ് റോഡ്
23. മയിലങ്ങോട്ട് - യതീംഖാന റോഡ്
24. ചിങ്ങംകുളം - വാലില്ലാപുഴ റോഡ്
25. വാലില്ലാപുഴ - ചോലയിൽ റോഡ്
26. വാലില്ലാപുഴ - കാളികുളങ്ങര റോഡ്
27. വിരിപ്പാടം - ചൂരപ്പട്ട റോഡ് (ചൂരപ്പട്ട വരെ)
28. മൈനസ്കൂൾ - വട്ടപ്പാറ റോഡ്
29. ഒരലാശ്ശേരി - കോലോത്തുംപറമ്പ് റോഡ്

എന്നീ റോഡുകളുടെ ഇരുവശങ്ങളിലുമായി 200 മീറ്റർ വരെയുള്ള പ്രദേശങ്ങൾ

**തൃതീയ മേഖല** : പ്രഥമ, ദ്വിതീയ മേഖലകളിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾ

**ചട്ടം 8 പ്രകാരമുള്ള റോഡുകളുടെ തരം തിരിക്കൽ**

ഒന്നാം തരം റോഡുകൾ : പ്രഥമ മേഖലയിൽ പരാമർശിച്ചിട്ടുള്ള റോഡുകൾ

രണ്ടാം തരം റോഡുകൾ : ദ്വിതീയ മേഖലയിൽ പരാമർശിച്ചിട്ടുള്ള റോഡുകൾ

മൂന്നാം തരം റോഡുകൾ : ഒന്ന്, രണ്ട് തരം റോഡുകളിൽ ഉൾപ്പെടാത്ത മുഴുവൻ റോഡുകളും

മേഖല, റോഡ് സൗകര്യം, പൊതുവഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂര, കാലപ്പഴക്കം, തറനിർമ്മിതി, ചുമരിന്റെ തരം, എയർകണ്ടീഷൻ, കെട്ടിടത്തിന്റെ ഉപയോഗം എന്നിവ അനുസരിച്ചുള്ള ഇളവുകളും, വർദ്ധനവുകളും വസ്തുനികുതി പരിഷ്കരിക്കുമ്പോൾ ബാധകമായിരിക്കും

വിശദവിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ പഞ്ചായത്താഫീസിൽ നിന്നും, www.lsg.kerala.gov.in, www.vazhakkadgramapanchayath.org എന്നീ വെബ്സൈറ്റുകളിലും ലഭ്യമാണ്.

(ഒപ്പ്)
സെക്രട്ടറി
വാഴക്കാട് ഗ്രാമ പഞ്ചായത്ത്